# പ്രതിരോധത്തിന്റെ രംഗഭാഷ്യം— 'തൊഴിൽ കേന്ദ്രത്തിലേയ്ക്ക്'

അധിനിവേശങ്ങൾ നിലയുറപ്പിക്കുമ്പോൾ പ്രതിരോധത്തിന്റെ അലകൾ രൂപപ്പെടുക സ്വാഭാവികമാണ്. ചരിത്രഗതിവിഗതികൾ ഈ യാഥാർത്ഥ്യം രേഖപ്പെടുത്തുന്നുണ്ട്. ഒരു ജനവിഭാഗത്തിന്റെ ജീവിതരീതികളും ആചാരാനുഷ്ഠാനങ്ങളും ഭാഷയും, സാഹിത്യവും ചേർന്ന സംസ്കാരത്തിന്മേൽ, കാലാകാലങ്ങളിലായി വിവിധ അധിനിവേശങ്ങൾ ഉടലെടുത്തിട്ടുണ്ട്. ദ്രാവിഡസംസ്കാരത്തിന്റെ പരിണാമത്തിൽ ആര്യാധിനിവേശം ഒരു നിർണ്ണായക ഘടകമാണ്. ചാതുർവർണ്യവും, ക്ഷേത്രസംസ്കാരവും ജൻമി-കുടിയാൻ സമ്പ്രദായവും ആര്യാധിനിവേശത്തിന്റെ അടയാളപ്പെടുത്തലുകളാണ്. ഈ അധിനിവേശത്തിൻ മേലുള്ള പ്രതിരോധമായാണ് നവോത്ഥാനചിന്തകൾ വേരുറച്ചത്. സാഹിത്യത്തിലും സമൂഹത്തിലും സംസ്കാരത്തിലും നവോത്ഥാനത്തിനുള്ള ആവേശം പ്രകടമായിരുന്നു. കലയും സാഹിത്യവും പരിഷ്കരണത്തിനായി വിവിധ പരിഷ്കരണ പ്രസ്ഥാനങ്ങളും അവയുടെ കലാപ്രവർത്തനങ്ങളും ആവിർഭവിച്ചു. യോഗക്ഷേമസഭ ഇതിൽ പ്രധാന്യമർഹിക്കുന്നു.

സമുദായപരിഷ്കരണനാടകം

ഒരു സമുദായം നേരിടുന്ന പൊതുപ്രശ്നങ്ങളെ സമഗ്രമായി കണ്ടുകൊണ്ട് സമുദായ നവീകരണത്തിന് തുടക്കംകുറിക്കാനുള്ള പ്രവർത്തനങ്ങൾ നവോത്ഥാനഘട്ടത്തിന്റെ പ്രത്യേകത ആയിരുന്നു. സാഹിത്യത്തെ സമുദായപരിഷ്കരണോപാധിയായി പ്രബുദ്ധർ തിരഞ്ഞെടുത്തു

'നാടകം—നാടിന്റെ അകം' എന്ന വിശേഷണത്തിനു യോജിക്കുന്ന കാലഘട്ടമായിരുന്നു 1930-40കൾ. 'നമ്പൂതിരിയെ മനുഷ്യനാക്കാൻ' യോഗക്ഷേമസഭയും നമ്പൂതിരി ആഢ്യൻമാരും നാടകം എന്ന ദൃശ്യമാധ്യമത്തെ ആയുധമാക്കി. യോഗക്ഷേമനാടകങ്ങൾ നാടിന്റെ അകമറിഞ്ഞ് രംഗാവതരണം നടത്താൻ തിരക്കിട്ടിറങ്ങി. ആര്യാധിനിവേശ സംസ്കാരത്തിൻമേൽ തീകോരിയിട്ട ശക്തിസ്രോതസ്സുകളായി നാടകം പ്രയോഗിക്കപ്പെട്ടു. നിലവിലുണ്ടായിരുന്ന ഫ്യൂഡൽവ്യവസ്ഥിതി, ജൻമി-കുടിയാൻ സമ്പ്രദായം, അസന്തുലിതമായ സാമൂഹ്യവ്യവസ്ഥിതി, ഇവയ്ക്കെല്ലാമെതിരെ പരിവർത്തന കാഹളം മുഴക്കാൻ പരിഷ്കരണമനസ്സുകൾ സുസ്സജ്ജമായത് നവോത്ഥാനഘട്ടത്തിന്റെ സവിശേഷതയായിരുന്നു. സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കേണ്ടിവന്ന അസ്വാതന്ത്ര്യത്തിനും അടിമത്തത്തിനും അസമത്വത്തിനും എതിരെ പരിഷ്കരണോപാധിയായി നാടകത്തെ ഉപയോഗിക്കാൻ നമ്പൂതിരി യുവാക്കൾതന്നെ മുന്നിട്ടിറങ്ങി. സമൂഹശില്പിയായി മാറേണ്ടവളാണ് സ്ത്രീ എന്ന തിരിച്ചറിവ് നൽകാൻ, സാപത്ന്യത്തിനും പരിവേദനത്തിനും സ്മാർത്തവിചാരത്തിനും അടിമപ്പെട്ട് അകത്തളങ്ങളിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്ന സ്ത്രീകളുടെ ദൈന്യം പരിഷ്കരണ നാടകങ്ങൾക്ക് ഇതിവൃത്തഹേതുവായി.

'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്'

കേരളസംസ്കാരരൂപീകരണത്തിലെ സ്വാധീനശക്തിയായിരുന്ന ബ്രാഹ്മണ വ്യവസ്ഥിതിയുടെ ഇരകൾ അകത്തളങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയാൻ വിധിക്കപ്പെട്ട സ്ത്രീ ജനങ്ങളായിരുന്നു. യാഥാസ്ഥിതികരുടെ ദുർവാശിയും, ഉദ്ബുദ്ധരെന്നു കരുതുന്നവർപോലും സ്ത്രീകളുടെ കാര്യത്തിൽ കാണിക്കുന്ന അനാസ്ഥയും, പുറംലോകത്തെക്കുറിച്ചുള്ള അജ്ഞതയും നിമിത്തം ദുസ്സഹമായിത്തീർന്ന സ്ത്രീ മനസ്സുകളിലേക്ക് വിപ്ലവാവേശത്തിന്റെ ശക്തിപകരാൻ വി. ടി ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന് (1929) സാധിച്ചു. കേരളസംസ്കാരത്തിന്റെ നവോത്ഥാനപാതയിൽ 'മാറുമറയ്ക്കൽ' സമരം സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീ സ്വാതന്ത്ര്യത്തിനും ജാതി വ്യവസ്ഥിതിക്കുമെതിരെ ആഞ്ഞടിച്ച ഈ സമരത്തിന്റെ തീക്ഷ്ണതയേറിയ മറ്റൊരു മുഖം ഈ നാടകത്തിൽ പ്രതിഫലിക്കുന്നുണ്ട്. അകത്തളങ്ങളിലെ കൂരിരുട്ടിലേയ്ക്ക് പുരോഗമന ചിന്തയുടെ തീപന്തങ്ങൾ തുടരെത്തുടരെ എറിയുന്ന ഒരനുഭവമാണ് ഈ നാടകം സമ്മാനിച്ചത്. സാമുദായികലഹളയ്ക്ക് പകരം സമുദായത്തിനകത്തുതന്നെ

വിപ്ലവം സൃഷ്ടിക്കാൻ വി.ടി.യ്ക്ക് സാധിച്ചു. ഇതിലെ നായകൻ മാധവൻ നായികയായ തേതിയുടെ മൂടുപടം വലിച്ചുമാറ്റി പുതിയ ജീവിതത്തെ അവൾക്കുമുന്നിൽ തെളിയിച്ചുകൊടുക്കുന്നുണ്ട്. ഘോഷ ബഹിഷ്കരണം അരങ്ങിൽവെച്ച് നടപ്പിൽ വരുത്തി നാടകകൃത്ത് സമുദായ പരിഷ്കരണത്തിന് ആഹ്വാനം നൽകുന്നു.

'മറക്കുടയ്ക്കുള്ളിലെ മഹാനരകം'

വൃദ്ധനമ്പൂതിരിമാരുടെ സപത്നിമാരാകാൻ വിധിക്കപ്പെട്ട അന്തർജ്ജനങ്ങളുടെ ജീവിതമാണ് 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' എന്ന നാടകം ആവിഷ്കരിച്ചത് എങ്കിൽ സാപത്ന്യത്തിനെതിരെയുള്ള ശക്തമായ പ്രതിഷേധമാണ് എം.ആർ.ബി.യുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരകം', ദീപം കാട്ടുക, നമസ്കരിക്കുക, നോമ്പു നോൽക്കുക, ഭർത്തൃശുശ്രൂഷ ചെയ്യുക, പൂജയൊരുക്കുക, ഉണ്ണാൻ വട്ടംകൂട്ടുക തുടങ്ങി ഗൃഹാന്തരീക്ഷത്തിലെ അനുഷ്ഠാനങ്ങൾക്കപ്പുറത്തുള്ള ഒരു ലോകം അന്തർജ്ജനങ്ങൾക്ക് നിഷിദ്ധമായിരുന്ന ഘട്ടത്തിലാണ് നീറുന്ന അവരുടെ പ്രശ്നങ്ങളെ സമൂഹമദ്ധ്യേ ചിന്തയ്ക്ക് വിഷയമാക്കാൻ എം.ആർ. ഭട്ടതിരിപ്പാട് തയ്യാറായത്. സ്ത്രീസ്വാതന്ത്ര്യത്തിലൂടെ മാത്രമേ സമുദായ പരിഷ്കരണം സാധ്യമാവുകയുള്ളൂവെന്ന് അദ്ദേഹം മനസ്സിലാക്കി. വിദ്യാഭ്യാസം നേടാൻ അവസരമില്ലാതെ ബാല്യത്തിൽ വിവാഹിതയാവുക, പടുവൃദ്ധന്റെ സപത്നിയാവുക, വിധവയായാൽ തല മുണ്ഡനം ചെയ്യുക, നാലുകെട്ടുകളിൽ ഒതുങ്ങിക്കഴിയുക തുടങ്ങിയ ദുസ്ഥിതിയിലേക്ക് പ്രത്യാശയുടെ കൈത്തിരി കൊളുത്താൻ ഈ നാടകത്തിന് സാധിച്ചു. 'കൊടുക്കാൻ' (പെൺകൊട) ഒരു പെൺകുട്ടിയെങ്കിലും ഉള്ള അമ്മമാർ ഈ നാടകം വായിച്ചിരിക്കണമെന്ന് ഈ നാടകത്തിന്റെ ആമുഖത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം വികാരവിചാരങ്ങൾ ഉള്ളിലൊതുക്കി പാരതന്ത്ര്യത്തിന്റെ കയ്പുനീർകുടിയ്ക്കുന്ന സഹോദരിമാരുടെ മോക്ഷമായിരുന്നു നാടകകൃത്തിന്റെ ലക്ഷ്യം. ഭർത്താവിന്റെയും സപത്നിമാരുടേയും പീഡനം സഹിക്കവയ്യാതെ ജീവനൊടുക്കിയ ഈ നായിക കഥാപാത്രമായ ഇട്ടിപ്പാപ്തിയുടെ ആത്മബലി പിൻഗാമികളുടെ ശോഭനജീവിതത്തിനുവേണ്ടിയുള്ള സമർപ്പണമാക്കി മാറ്റാൻ എം. ആർ. ബി. ക്കു സാധിച്ചു.

'ഋതുമതി'

സാമുദായികസാംസ്കാരികാധഃപതനത്തിനെതിരെയുള്ള ഉണർത്തുപാട്ടായിരുന്നു 'ഋതുമതി'. ഋതുമതിയായികഴിഞ്ഞാൽ ഇല്ലത്തിന്റെ

ഉള്ളറകളിൽ ഒതുങ്ങിക്കഴിയേണ്ടിവരുന്ന, വിദ്യാഭ്യാസഅവകാശം നിഷേധിക്കപ്പെട്ട, മാറുമറയ്ക്കാനുള്ള അവകാശം പോലുമില്ലാത്ത, അന്തർജ്ജനങ്ങൾക്ക് നേരിടേണ്ടിവന്ന സഹനത്തിന്റെ പ്രതീകമായ ദേവകിയുടെ കഥയാണ് ഈ നാടകം. ഋതുമതിയായതിന്റെ പേരിൽ സമൂഹത്തിൽ തരംതാഴ്ത്തപ്പെടുന്ന, അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വം, മാതൃത്വം എന്നീ പദങ്ങളിലൂടെ മഹത്വവത്കരിക്കപ്പെടേണ്ടവൾ സർവ്വംസഹയായി ചവുട്ടിത്താഴ്ത്തപ്പെടുന്നു. ഇതിനെതിരെയുള്ള പ്രേംജിയുടെ പ്രതികരണമാണീ നാടകം. ഏതുപ്രതിസന്ധികളേയും പ്രശ്നങ്ങളേയും തരണം ചെയ്യാനുള്ള അതിജീവനത്തിന്റെ മന്ത്രസിദ്ധിയുള്ളവരാണ് സ്ത്രീകളെന്ന് നാടകകൃത്ത് ദേവകിയിലൂടെ പ്രഖ്യാപിക്കുന്നു. വിവാഹവേദിയിൽ വൃദ്ധനായ തുപ്പൻ നമ്പൂതിരിയെ വേളി കഴിക്കാൻ സമ്മതിക്കാതെ പ്രതിഷേധവുമായി നിന്ന ദേവകിയെ ആക്രമിക്കാൻ ശ്രമിയ്ക്കുന്ന ചെറിയച്ഛനായ കിഴക്കേപ്രത്തിന്റെ കയ്യിൽ നിന്നും നായകൻ വാസുദേവൻ അവളെ മോചിപ്പിക്കുന്നു. മലയാള നാടകവേദിയിലൂടെ ആദ്യമായി സ്ത്രീ സ്വതന്ത്ര്യയാക്കപ്പെട്ടതിന്റെ മുഹൂർത്തം 'ഋതുമതി'യിലൂടെ ആവിഷ്കരിക്കപ്പെട്ടു.

സംസ്കാരചരിത്രത്തിന്റെ ഗതിവിഗതികളിൽ സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കും തിന്മകൾക്കുമെതിരെയുള്ള പരിഷ്കരണോപാധികളായിരുന്നു ഈ മൂന്നു നാടകങ്ങളും. പ്രസംഗമല്ല പ്രയോഗമാണ് വേണ്ടതെന്നു 'ഋതുമതി' നാടകത്തിന്റെ അവസാനം വേദിയിൽ പറഞ്ഞ പാർവ്വതി നെന്മേനിമംഗലത്തിന്റെ പ്രസ്താവനയ്ക്കും പ്രവർത്തികൾകൊണ്ട്–വിധവകളെ വിവാഹം കഴിച്ചുകൊണ്ട്–പ്രേംജിയും എം.ആർ.ബി.യും മാതൃകയായി. അകത്തളങ്ങളിലെ ഇരുളടഞ്ഞ ലോകത്തുനിന്നും പുറംലോകത്തെ കേൾക്കാനും അനുഭവിക്കാനും സ്ത്രീകൾക്കു പ്രചോദനമായി. അന്തർജ്ജനസമാജവും അവരുടെ പ്രവർത്തനങ്ങളും സ്ത്രീപ്രശ്നങ്ങളെ സമൂഹമദ്ധ്യേ അവതരിപ്പിക്കാനും അതിജീവനത്തിന്റെ നേർരേഖകൾ സൃഷ്ടിക്കാനും മുതിർന്നത് ഈ സാഹചര്യത്തിലാണ്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ യൂറോപ്പിലും മറ്റും ദൃശ്യമായ അന്വേഷണവ്യഗ്രതയും യുക്തിചിന്തയും ഇവിടെയും ദൃശ്യമാകാൻ തുടങ്ങിയതിന്റെ നിദർശനങ്ങളായി ഇത്തരം പ്രവർത്തനങ്ങളെ കാണാവുന്നതാണ്.

### തൊഴിൽ കേന്ദ്രത്തിലേക്ക്

1931-ൽ രൂപംകൊണ്ട അന്തർജ്ജന സമാജം അതിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ തൊഴിൽ കേന്ദ്രങ്ങളും

പുരുഷാധിപത്യമൂല്യവ്യവസ്ഥയോടുള്ള സ്ത്രീവിമോചനപ്രവർത്തനത്തിന്റെ ആദ്യമറുപടിയായിരുന്നു. വി.ടി നേതൃത്വംനല്കിയ നമ്പൂതിരി സമുദായപരിഷ്കരണങ്ങളുടെ സഹോദരീപ്രസ്ഥാനമായാണ് അന്തർജ്ജനസമാജം അറിയപ്പെട്ടിരുന്നത്. 1944-ൽ ഓങ്ങല്ലൂർ സമ്മേളിച്ച യോഗക്ഷേമ സഭ, സ്ത്രീകൾ തൊഴിൽചെയ്തു സ്വയംപര്യാപ്തത നേടണമെന്നു ആഹ്വാനം ചെയ്യുന്നതിന്റെ ഫലമായാണ് പാലക്കാട് ലക്കിടി തിരുത്തിമ്മൽ ഇല്ലത്തു സ്ഥാപിതമായ ആദ്യ തൊഴിൽകേന്ദ്രവും അഗതികളായ സ്ത്രീ ജനങ്ങൾക്കുള്ള 'ഒരിടം' എന്നാശയവും. അവരുടെ തുടർജീവിതത്തിനായുള്ള ഉപാധിയെന്നോണം തൊഴിൽ പരിശീലനം എന്ന മുഖ്യലക്ഷ്യമാണ് ഇതു മുന്നോട്ടുവച്ചത്. നൂൽനൂല്പും നെയ്ത്തും തുന്നലുമായി നിത്യവൃത്തി കണ്ടെത്താൻ സ്ത്രീകളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യവും ഈ കേന്ദ്രത്തിനുണ്ടായിരുന്നു. ഈ സ്ത്രീ കൂട്ടായ്മയിൽ നിന്നാണ് ആദ്യത്തെ സ്ത്രീപക്ഷനാടകമെന്ന് വിശേഷിപ്പിക്കാവുന്ന 'തൊഴിൽ കേന്ദ്രത്തിലേക്ക്'–അരങ്ങുകണ്ടത്. കാവുങ്കര ഭാർഗ്ഗവിയെന്ന 13 വയസ്സുകാരിയുടെ യഥാർത്ഥ ജീവിതാനുഭവത്തിൽ നിന്നാണ് നാടകപ്രമേയം കണ്ടെത്തിയത്. തൊഴിൽ കേന്ദ്രത്തിന്റെ ഉദ്ദേശ്യമെന്തെന്ന് സമുദായാംഗങ്ങൾക്കിടയിൽ പ്രചരിപ്പിക്കലായിരുന്നു ഈ നാടകത്തിന്റെ ലക്ഷ്യം. 1948-ൽ അരങ്ങേറിയ ഈ നാടകം രണ്ടു പ്രമേയങ്ങളാണ് അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. കാനറ പ്രവർത്തകരായ പാർവ്വതിയും ദേവകിയും ചേർന്നു രക്ഷപ്പെടുത്തുന്നതാണ് ഒരു പ്രമേയം. വിവാഹശേഷം അടുക്കളയിലെ ഉപകരണസമാനമായി തന്നെ കണക്കാക്കുന്ന ഭർത്താവിനെ ഉപേക്ഷിച്ചിറങ്ങിയ ദേവകിയുടെ ധീരപ്രവൃത്തിയാണ് മറ്റൊരുപ്രമേയം. സ്ത്രീകൾതന്നെയാണ് പുരുഷകഥാപാത്രങ്ങളേയും അവതരിപ്പിച്ചിട്ടുള്ളതെന്ന പ്രത്യേകതകൂടി ഈ നാടകത്തിനുണ്ട്. യോഗക്ഷേമ നാടകത്രയത്തിൽ സ്ത്രീ അനുഭവിക്കുന്ന അടിമത്തവും അവരിലുള്ള വിമോചന തൃഷ്ണയുമാണ് പ്രതിപാദ്യവിഷയമെങ്കിൽ 'തൊഴിൽകേന്ദ്രത്തിലേക്ക്' വിമോചിത സ്ത്രീയുടെ തുടർജീവിതത്തിനുള്ള ഉറപ്പു നൽകലാണ്. പ്രതിരോധത്തിന്റെ രംഗഭാഷയാണ് ഈ നാടകമെന്നു മാത്രമല്ല അതിജീവനത്തിന്റെ അടയാളപ്പെടുത്തലുകളും ഈ നാടകത്തിൽ ദൃശ്യമാണ്. 1879-ൽ ഇബ്സൻ രചിച്ച പാവവീട് (A Doll's House) എന്ന നാടകത്തിൽ സ്ത്രീ സ്വാതന്ത്ര്യത്തിനും സ്വത്വത്തിനും വിലങ്ങുതടിയായി വർത്തിക്കുന്ന കുടുംബമെന്ന സ്ഥാപനത്തെ ചോദ്യം ചെയ്യുന്നുണ്ട്. ഇതിലെ 'നോറ' എന്ന കഥാപാത്രത്തിലൂടെ ഇബ്സൺ സ്ത്രീയുടെ ഇടം പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു. ആധുനിക സ്ത്രീ സ്വന്തം കഴിവിലും ആത്മവിശ്വാസത്തിലും

വ്യക്തിത്വത്തിലും നിലനിൽക്കാനും ജീവിക്കാനും പഠിച്ചവളായിരിക്കണമെന്ന് നോറയിലൂടെ ഇബ്സൻ പറഞ്ഞുവെയ്ക്കുന്നുണ്ട്. തന്റെ സ്നേഹത്തെ അവമതിക്കുകയും പ്രവൃത്തികളിലെ ആത്മാർത്ഥതയിൽ സംശയിക്കുകയുംചെയ്ത ഭർത്താവിനെ ഉപേക്ഷിച്ചുപോരാനുള്ള ധൈര്യം പ്രകടിപ്പിച്ചവളാണ് ഇബ്സന്റെ നോറ. ഞാനും നിങ്ങളെപ്പോലെ മനുഷ്യജീവിയാണെന്നുപറഞ്ഞു പടിയിറങ്ങിയ നോറ തന്റെ പിന്നിൽ വീടിന്റെ വാതിൽ അവൾതന്നെ കൊട്ടിയടച്ചപ്പോൾ ഉണ്ടായ ശബ്ദം യൂറോപ്പിനെയാകെ പ്രകമ്പനംകൊള്ളിച്ചു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ഒരു നൂറ്റാണ്ടിനുശേഷമാണ് ലോകമാകെ സ്ത്രീപക്ഷ ചിന്തകൾക്കു നോറയുടെ വാക്കുകളും വിചിന്തനങ്ങളും മാതൃകയാക്കിയത്. പക്ഷെ നോറയുടെ പ്രവൃത്തികൾ സ്ത്രീത്വബോധത്തെയുണർത്തുവാൻ പര്യാപ്തമായെങ്കിലും സ്ത്രീയുടെ സാമൂഹ്യസുരക്ഷ ഒരു ചോദ്യ ചിഹ്നമായിതന്നെ ഉയർന്നു നിന്നിരുന്നു. ഇതിനുള്ള ഉത്തരമാണ് അന്തർജ്ജനസമാജം സമൂഹത്തിന് നേരെ ഉയർത്തിപ്പിടിച്ചത്. സമാജത്തിന്റെ നേതൃത്വത്തിൽ ഉടലെടുത്ത തൊഴിൽ കേന്ദ്രങ്ങളും സ്ത്രീസുരക്ഷയ്ക്കു മുഖ്യോപാധിയായി നിലകൊണ്ടു. ഏകാദശീവ്രതം, വിധവാ വിവാഹം, ഋതുമതികൾക്കു പഠിക്കാനുള്ള അവകാശം, സജാതീയ വിവാഹം തുടങ്ങിയ ആശയങ്ങൾ മുറുകെ പിടിച്ചുകൊണ്ടു പ്രവർത്തിച്ച അന്തർജ്ജനസമാജത്തിന് യോഗക്ഷേമസഭയുടെ പരിഷ്കരണപ്രവർത്തനങ്ങൾ ഉത്തേജനം പകർന്നിരുന്നു.

സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകൾതന്നെ അവതരിപ്പിക്കുന്ന നാടകം എന്ന നിലയിൽ 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകത്തിന് ചരിത്ര പ്രാധാന്യമുണ്ട്. അന്തർജ്ജനസമാജത്തിന്റെ പ്രതിരോധ നടപടികളെ തളർത്താനും തകർക്കാനും യാഥാസ്ഥിതികത്വം ശ്രമിച്ചുകൊണ്ടിരുന്നു. തൊഴിൽകേന്ദ്രത്തെ വ്യഭിചാരശാലകളായും അന്തേവാസികളെ വ്യഭിചാരിണികളായും അവർ മുദ്രകുത്തി. 'പതാക' പത്രം നടത്തിയിരുന്ന തെക്കേടത്തു ഭട്ടതിരിയും കൂട്ടരുമായിരുന്നു ഇതിന്റെ പിന്നിലുണ്ടായിരുന്നത്. തെറ്റായ പ്രചാരണങ്ങളെ പ്രതിരോധിക്കാനും തൊഴിൽ കേന്ദ്രത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്താനും പറ്റുന്ന രീതിയിലാണ് നാടകം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ദേവകിയുടെ ഭർത്താവായ വക്കീലുമായി നടത്തുന്ന കലഹങ്ങളിലൂടെ സ്ത്രീ പദവിയെക്കുറിച്ച് അന്നുണ്ടായിരുന്ന ധാരണകൾ വെളിപ്പെടുന്നുണ്ട്. സ്ത്രീകൾ പാടുന്നത് നന്നല്ല, യോഗക്ഷേമ പ്രവർത്തനം തെറികേൾക്കാൻ പോകലാണ്, അവർ പൂമുഖത്തുവരാൻ പാടില്ല,

പെൺകുട്ടികളെ വിൽക്കുന്നത് തെറ്റല്ല, ഭർത്താക്കൻമാരുടെ ഹിതം നോക്കി, അടുക്കളപ്പണിചെയ്ത്, പൂജാദികർമ്മങ്ങൾ അനുഷ്ഠിച്ച് വീടിനുള്ളിൽ കഴിയുന്നതാണ് സ്ത്രീകൾക്ക് ഉത്തമം, സ്വാതന്ത്ര്യംതേടി പുറത്തിറങ്ങുന്നവർ വഴിപിഴച്ചവരാണ്, തൊഴിൽകേന്ദ്രങ്ങൾ വ്യഭിചാരശാലകളാണ് എന്നിങ്ങനെയാണ് വക്കീലിന്റെ ചിന്താഗതികൾ. ആധുനിക രീതിയിൽ വിദ്യാഭ്യാസം നേടിയവരുടെ പ്രതിനിധികളാണ് പാർവ്വതിയും ദേവകിയും സമുദായ പരിഷ്കരണമാണ് ഇവർ ലക്ഷ്യം വെയ്ക്കുന്നത്. പശുക്കൾ, പാത്രങ്ങൾ എന്നിവ പോലെ പെൺകിടാങ്ങളെ അടുക്കളപണിക്കായി വേൾക്കുന്നതിനെ അന്തർജ്ജനസമാജം പ്രതിനിധിയായ പാർവ്വതി വിമർശിക്കുന്നുണ്ട്. പാർവ്വതിയിലെ നവോത്ഥാന ചിന്തകൾ ദേവകിയേയും സ്വാധീനിക്കുന്നുണ്ട്. പരിഷ്കാരത്തിന്റെ സൃഷ്ടിയുള്ള തന്ത്രശാലിയായ ഒരു പിൻതിരിപ്പനാണ് തന്റെ ഭർത്താവ് എന്ന് അവൾ തിരിച്ചറിയുന്നുണ്ട്. നാടകാവസാനം ദേവസേനയെ രക്ഷിക്കാൻ പോകുന്ന സമാജം പ്രവർത്തകർക്കൊപ്പം നിൽക്കാൻ ദേവകിയും ധൈര്യം കാണിക്കുന്നു. തനിക്ക് തടസ്സം നിൽക്കുന്ന ഭർത്താവിന്റെ മുഖത്തേക്ക് പൂണൂൽചരട് പൊട്ടിച്ച് വലിച്ചെറിഞ്ഞ് ഇറങ്ങുന്ന ദേവകി 'ഡോൾസ് ഹൗസിലെ' നോറയെക്കാൾ ശക്തയും ധീരയുമാണെന്ന് തോന്നിപ്പോകും. കുടുംബമെന്ന വ്യവസ്ഥാപിത കേന്ദ്രത്തിലെ സുഖവും ആർഭാടവും ഉപേക്ഷിച്ച് ആദർശത്തിനും സമുദായ പരിഷ്കരണത്തിനും വേണ്ടി നിലകൊള്ളാൻ അവൾ ധൈര്യം കാണിക്കുന്നുണ്ട്. ഇതിന് അവളെ പ്രാപ്തയാക്കിയത് തൊഴിൽ കേന്ദ്രമാണെന്ന് പറയേണ്ടിവരും.

അനാചാരങ്ങളുടെ, വിലക്കുകളുടെ ആകത്തുകയെന്നുപറയാവുന്ന രീതിയിൽ നമ്പൂതിരി സമുദായം ഇരുട്ടറകൾക്കുള്ളിലായിരുന്ന ഒരു കാലഘട്ടംമുണ്ടായിരുന്നു. നമ്പൂതിരി പരിഷ്കരണപ്രസ്ഥാനമാണ് ഇതിനു മാറ്റം വരുത്തിയത്. ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്പൂതിരി സമുദായത്തിനു ലഭ്യമാക്കുക, സാപത്ന്യം നിർത്തലാക്കുക, ശൈശവ വിവാഹം നിറുത്തലാക്കുക, ഇങ്ങനെ അനാചാരകെട്ടുതികൾക്കുനേരെയുള്ള മാറ്റത്തിന്റെ കാഹളമാണ് പരിഷ്കരണപ്രസ്ഥാനം തുറന്നുവിട്ടത്. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട് പ്രഭാതം മുതൽ പ്രദോഷം വരെ നേദിക്കലും പൂജയ്ക്ക് പൂകെട്ടലും ശീപോതിക്ക് ഒരുക്കുട്ടലും ഗണപതിക്കിടീലുമായി തള്ളിനീക്കാൻ വിധിക്കപ്പെട്ട സ്ത്രീജന്മങ്ങൾ. അമ്പലവും, കുളവും മാത്രമാണ് അവർക്ക് വീടു കഴിഞ്ഞാലുള്ള അനുവദനീയമായ സ്ഥലങ്ങൾ. അച്ഛന്റെ പ്രായത്തിലുള്ള മൂസ്സിനെ വിവാഹം

കഴിച്ച് നന്നേ ചെറുപ്പത്തിൽതന്നെ വിധവയാവാൻ വിധിക്കപ്പെട്ട വൾ. കുടുംബത്തിനൊരു ജനാധിപത്യ സ്വഭാവം കൈവരിക്കുകയെ ന്നതും സ്ത്രീകളും പുരുഷൻമാരും പൊതുകാര്യങ്ങൾ ചർച്ചചെയ്യാനുള്ള സാധ്യതകൾ സൃഷ്ടിക്കുകയെന്നതും കാലത്തിന്റെ ആവശ്യമായിരുന്നു. സജാതീയ വിവാഹവും പരിവേദനവും (ഏട്ടൻ വേളികഴിക്കാതിരിക്കു മ്പോൾ അനിയൻ വേളികഴിക്കുക) അധിവേദനവും (ഒന്നിൽകൂടുതൽ വേളികഴിക്കുന്നത്) വിജാതീയഗമനവും നിർത്തലാക്കണമെന്നാവശ്യ പ്പെട്ട് അന്തർജ്ജനവിപ്ലവം തുടങ്ങുന്നത് കാലഘട്ടത്തിന്റെ അനിവാര്യ തയായിരുന്നു. അന്തർജ്ജനങ്ങൾ പണിയെടുക്കണം, അടിമകളായിട്ട ല്ല സ്വതന്ത്രമായിട്ട് എന്ന ദേവകിയുടെ വാക്കുകൾ അടുക്കളയിൽനി ന്നും അരങ്ങത്തെത്തിയവരുടെ നിശ്ചയദാർഢ്യമാണ്. അരങ്ങിൽ നിന്നും അവർ എത്തിച്ചേരേണ്ടത് തൊഴിൽ കേന്ദ്രത്തിലേക്കാണെന്ന രാഷ്ട്രീയബോധം സ്ത്രീകൾ കൈവരിച്ചുകഴിഞ്ഞിരുന്നു.

ഡോ. ജാൻസി. കെ. എ.
അസി. പ്രൊഫസർ
മലയാളവിഭാഗം
വിമല കോളേജ്
തൃശ്ശൂർ.